## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3357 — 21.12.2012- ൽ മറുപടിക്ക്

### സമഗ്ര കാർഷിക വികസന പദ്ധതി - 'നിറവ്'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ബാലൻ | ശ്രീ. കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |

എ) സമഗ്ര കാർഷിക വികസന പദ്ധതി 'നിറവ് 'ന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

എ) പ്രദേശത്തിന്റെയും മണ്ണിന്റെയും പ്രത്യേകതകൾക്കനുസൃതമായി കൃഷി വ്യാപിപ്പിക്കുകയും വിളകളുടെ വിസ്തൃതി വർദ്ധിപ്പിക്കുകയും ചെയ്യുക, വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, ജൈവകൃഷി വ്യാപിപ്പിക്കുക, മൂല്യവർദ്ധനവിലൂടെയും ഉല്പന്ന വൈവിധ്യ വൽക്കണത്തിലൂടെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവ ലക്ഷ്യമിട്ട് വിത്തുമുതൽ വിപണിവരെയുള്ള സമഗ്ര കാർഷിക വികസനമാണ് നിറവ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തുടക്കത്തിൽ സംസ്ഥാനത്തെ 10 ജില്ലകളിലെ 12 നിയോജകമണ്ഡലങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിലുള്ള കേന്ദ്ര സംസ്ഥാന പദ്ധതികളും, ആർ.കെ.വി. വൈ ഫണ്ട് ഉപയോഗിച്ച് രണ്ട് കോടി രൂപയിൽ കവിയാത്ത പദ്ധതികളുമാണ് നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കുന്നത്.

ബി) ഈ പദ്ധതി ഏതൊക്കെ നിയോജക മണ്ഡലങ്ങളിലാണ് നടപ്പാക്കുന്നത്; എന്തു തുകയുടെ വികസന പദ്ധതികളാണ് നടപ്പാക്കുന്നത്; മണ്ഡലങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

ബി) നിറവ് പദ്ധതി സംസ്ഥാനത്തെ 10 ജില്ലകളിലെ 12 നിയോജക മണ്ഡലങ്ങളിലാണ് നടപ്പിലാക്കുന്നത്. അവ ചുവടെ ചേർക്കുന്നു.

| ജില്ല | നിയോജക മണ്ഡലങ്ങൾ |
|---|---|
| കൊല്ലം | പത്തനാപുരം |
| കോട്ടയം | പാല |
| ആലപ്പുഴ | ചെങ്ങന്നൂർ |
| ഇടുക്കി | തൊടുപുഴ |
| എറണാകുളം | പറവൂർ |
| തൃശൂർ | കൊടുങ്ങല്ലൂർ |
| മലപ്പുറം | കോട്ടയ്ക്കൽ |
| കോഴിക്കോട് | പേരാമ്പ്ര, നാദാപുരം, ബാലുശ്ശേരി |
| വയനാട് | കല്പറ്റ |
| കണ്ണൂർ | കൂത്തുപറമ്പ് |

ഓരോ നിയോജക മണ്ഡലങ്ങളിലും 2 കോടിയിൽ കവിയാത്ത വികസന പദ്ധതികളാണ് നടപ്പാക്കുന്നത്. ഓരോ നിയോജക മണ്ഡലത്തിന്റെയും വികസന സാദ്ധ്യതകൾ പരിഗണിച്ചാണ് മണ്ഡലങ്ങൾ തെരഞ്ഞെടുത്തിരിക്കുന്നത്.

സി) കാർഷിക മേഖലയായ തരൂർ മണ്ഡലത്തെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുമോ ?

സി) കൂടുതൽ നിയോജക മണ്ഡലങ്ങളിൽ നിറവ് പദ്ധതി ഘട്ടം ഘട്ടമായി വ്യാപിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ